# ശിർക്ക്

## സൽപ്രവർത്തനങ്ങളെ ഫലശൂന്യമാക്കും?!!!

**ഗ്രന്ഥകർത്താവ്:** **ശൈഖ് സ്വലാഹ് ഇബ്നു മുഹമ്മദ് അൽ ബുദയ്ർ**
**അവലംബ ഗ്രന്ഥം:** بلوغ السعادة فى توحيد رب العبادة
**വിവർത്തനം:** **അബ്ദുൽ ജബ്ബാർ അബ്ദുല്ല**

عن أَبِي هريرةَ ﷺ قَالَ: قَالَ رسولُ الله ﷺ قَالَ الله تبارك وتعالَى: أَنا أَغْنى الشركَاءِ عن الشـرك مـن عملَ عملًا أَشرك فيه معي غَيري تركْته وشركَه

അബൂഹുറെയ്റ ﷺവിൽനിന്നും നിവേദനം, അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു: അല്ലാഹു ﷻ പറഞ്ഞു: «പങ്കാളികളുടെ ശിർക്കിൽനിന്ന് ഞാൻ ധന്യനാണ്. ആരെങ്കിലും ഒരു കർമ്മംചെയ്തു, അതിൽ അവൻ എന്റെ കൂടെ ഞാനല്ലാത്തവരെ പങ്കുചേർത്തു. എങ്കിൽ ഞാൻ അവനേയും അവൻ ചെയ്ത ശിർക്കിനേയും ഉപേക്ഷിച്ചു.» (മുസ്‌ലിം)

عن أَبِي سعد بنِ أَبِي فَضالَةَ الْأَنصارِي ﷺ قَالَ: قَالَ رسولُ اللهﷺ: إِذَا جمع الله الْأَولين والْآخرِين يـوم الْقيامة ليومٍ لَا ريب فيه نادى منادٍ: من كَانَ أَشرك في عملٍ عملَه لله فَلْيطْلُب ثَوابه من عند غَيرِ الله فَإِن الله أَغْنى الشركَاءِ عنِ الشرك

അബൂസഅ്ദ് ഇബ്നു അബീഫദാലൽ അൻസ്വാരിﷺവിൽനിന്നും നിവേദനം, അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു: «സംഭവിക്കുമെന്നതിൽ യാതൊരു സംശയവുമില്ലാത്ത അന്ത്യനാളിൽ അല്ലാഹു മുൻഗാമികളേയും പിൻഗാമികളേയും ഒരുമിച്ചുകൂട്ടിയാൽ വിളംഭരം നടത്തുന്നവൻ വിളിച്ചുപറയും: ആരെങ്കിലും അല്ലാഹുവിന് ചെയ്ത പ്രവർത്തനത്തിൽ അല്ലാഹുവിൽ പങ്കുചേർത്തവനായിരുന്നുവെങ്കിൽ അവൻ അതിന്റെ പ്രതിഫലം അല്ലാഹു അല്ലാത്തവരുടെ അടുക്കൽ നിന്നുതന്നെ ആവശ്യപ്പെട്ടുകൊള്ളട്ടേ, തീർച്ചയായും അല്ലാഹു ശിർക്കിൽനിന്നും ധന്യനാണ്.»(തിർമുദി:3154, ഇബ്നു മാജഃ 4203)

عن أَبِي ذَر ﷺ أَن رسولَ الله ﷺ قَالَ: من قَالَ في دبرِ صلَاة الْفَجرِ وهو ثَان رِجلَيه قَبلَ أَنْ يتكَلم: لَا إِلَه إِلـا الله وحده لَا شرِيك لَه لَه الْملْك ولَه الْحمد يحيِي ويميت وهو علَى كُل شيءٍ قَدير عشر مرات ،كُتبت لَـه

عشر حسنات ، ومحيت عنه عشر سيئات ، ورفع له عشر درجات ، وكَانَ يومه ذَلك كُله في حرزٍ من كُل مكْروه وحرِس من الشيطان ولَم ينبغ لذَنبٍ أَنْ يدرِكَه في ذَلك الْيومِ إِلا الشرك بِالله.

അബൂ ദർറ് ﷺവിൽ നിന്നും നിവേദനം, അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു: 'ആരെങ്കിലും സുബ്ഹി നമസ്കാരത്തിന് ശേഷം സംസാരിക്കുന്നതിനുമുമ്പായി അവന്റെ കാലുകൾ മടക്കിവെച്ച്:

لَا إِلَه إِلا الله وحده لَا شرِيك لَه لَه الْملْك ولَه الْحمد يحيِي ويميت وهو علَى كُل شيءٍ قَدير

(അല്ലാഹുവല്ലാതെ യഥാർത്ഥ ആരാധ്യനായി മറ്റാരുമില്ല. അവൻ ഏകനും യാതൊരു പങ്കുകാരുമില്ലാത്തവനുമാകുന്നു. രാജാധിപത്യവും സർവ്വമാന സ്തുതികളും അവന് മാത്രമാകുന്നു. അവൻ ജീവിപ്പിക്കുന്നവനും മരിപ്പിക്കുന്നവനും എല്ലാ കാര്യത്തിനും കഴിവുള്ളവനുമാകുന്നു) എന്ന് പത്തു പ്രാവശ്യം പറഞ്ഞാൽ, അവന് പത്ത് പുണ്യങ്ങൾ എഴുതപ്പെടുകയും അവന്റെ പത്ത് പാപങ്ങൾ മായിക്കപ്പെടുകയും അവനു വേണ്ടി പത്ത് സ്വർഗ്ഗീയ പദവികൾ ഉയർത്തപ്പെടുകയും അപ്രീതമായ എല്ലാകാര്യങ്ങളിൽനിന്നും അവൻ പ്രസ്തുത ദിനം സുരക്ഷിതത്വത്തിലായിരിക്കുകയും പിശാചിൽനിന്നും അവൻ കാവൽ നൽകപ്പെടുകയും ചെയ്യും. അന്ന് അവൻ ചെയ്യുന്ന ഒരു പാപവും അവന് വിനയായി ഭവിക്കൽ സംഗതമല്ല; അല്ലാഹുവിൽ പങ്കുചേർക്കൽ ഒഴികെ.›› (തിർമിദി: 3474)